# ORTHODOX CHRISTIAN YOUTH MOVEMENT
# U. A. E ZONE

## കൂനൻ കുരിശ് സമ്മേളനം ചരിത്രമായി: ഒത്തുചേർന്നത് ആയിരങ്ങൾ

ഷാർജ: വൈദേശിക ആധിപത്യത്തിനെതിരായി മലങ്കര നസ്രാണികൾ 1653 ജനുവരി 3ന് മട്ടാഞ്ചേരിയുടെ മണ്ണിൽ ഒത്തുകൂടി അവിടെയുള്ള കൽകുരിശിൽ ആലാത്തുകൾ കെട്ടി വിളംബരാത്മകമായ സത്യം ചെയ്ത് വൈദേശിക സഭയുടെ പിടിയൽ നിന്നും തദ്ദേശിയ ഭാരതീയ സഭയായി ഉയർന്നതിതിൻെറ ഓർമ്മകൾ പുതുക്കികൊണ്ട് മലങ്കര ഒർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം U.A.E Zone സംഘടിപ്പിച്ച കൂനൻ കുരിശ് 360ാം വാർഷിക സമ്മേളനത്തിൽ ആയിരങ്ങൾ ഒത്തുചേർന്നു. ഷാർജ സെൻറ് ഗ്രീഗോറിയോസ് ദേവാലയത്തിൽ നടന്ന സമ്മേളനം മലങ്കര ഓർത്തഡോക്സ് സഭ ഇടുക്കി ഭദ്രാസന മെത്രാപ്പൊലിത്ത അഭി വന്ദ്യ മാത്യൂസ് മാർ തേവോദോസ്യയോസ് ഉ്ഘാടനം ചെയ്തു. മാനവരാശിയുടെ മുഴുവൻ നൻമയാണ് ക്രൈസ്തവ ദർശനം, കേരളം കണ്ട ഏറ്റവും വലിയ ആത്മീയ മുന്നേറ്റമായിരുന്നു കൂനൻ കുരിശ് സത്യം, തിൻമ ശക്തികൾക്കെതിരെ പോരാടാൻ അദ്ധേഹം യുവജനങ്ങളെ ആഹ്വാനം ചെയ്തു.

സോണൽ പ്രസിഡൻ് Rev. Fr. T.J ജോൺസൺ അദ്ധ്യക്ഷത വഹിച്ചു ഇടവക സഹവികാരി Rev.Fr. യാക്കൂബ് ബേബി കൂനൻ കുരിശ് പ്രതിജ്ഞ ചൊല്ലി കൊടുത്തു. സമ്മേളനത്തോടനുബന്ധിച്ച് സംവാദം,പഠന ശിബിരം, ക്വിസ് മത്സരം, ഉദയംപേരൂർ സുന്നഹദോസ് ദൃശ്യാവിഷ്കാരം കുടാതെ വിവിധ ക്രിസ്തീയ കലാ പരിപാടികളും അരങ്ങേറി 7 ഒർത്തഡോക്സ് ദേവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു

അലയൻ ഇടവക വികാരി Rev.Fr.സജി എബ്രഹാം ദുബായ് സെൻ് തോമസ് കത്തീഡ്രൽ സഹ വികാരി Rev.Fr. ബിജു ഡാനിയൽ, സഭാ മാനേജിംഗ് കമ്മറ്റിയംഗം ശ്രി ജോൺ സാമുവേൽ സോണൽ സെകട്ടറി ശ്രി മനോജ് തോമസ്,ഇടവക സെക്രട്ടറി ശ്രി സജി ഗീവർഗീസ്, യുണിറ്റ് വൈസ് പ്രസിഡൻറ് ശ്രി രൻജി രാജൻ, സെക്രട്ടറി ശ്രി വിനു തങ്കച്ചൻ, ജറൽ കൺവനർ ശ്രി സോണി രാജൻ, ശ്രി സാം K മാത്യു എന്നിവർ പ്രസംഗിച്ചു.

Media Desk
OCYM UAE Zone